# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:4987 | 24.07.15 -ൽ മറുപടിക്ക്

## കായംകുളം കരിപ്പുഴ കനാലിലെ മണ്ണ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കെ സദാശിവൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി തോടുകളുടേയും പാടശേഖരങ്ങളുടേയും സംരക്ഷണത്തിന്റെ ഭാഗമായി കായംകുളം കരിപ്പുഴ കനാലിന്റ ആഴം കൂട്ടിയപ്പോൾ ലഭിച്ച മണ്ണ് കനാലിന്റെ ഇരുവശങ്ങളിലും കൂട്ടിയിട്ടിരിക്കുന്നതുമൂലം ശക്തമായ മഴയിൽ ഇവ വീണ്ടും കനാലിലേക്ക് തന്നെ ഒലി ച്ചിറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്.. |
| (ബി) എങ്കില് ഈ മണ്ണ് ലേലം ചെയ്ത് നൽകുന്നതിനോ അല്ലെങ്കിൽ മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) കനാൽ ശുചീകരിക്കുന്നതിന്റെ ഭാഗമായി ലഭിച്ച ചെളി പൊതുവെ മാലിന്യമാണ്. മാലിന്യം കലർന്ന ചെളിമണ്ണ് ലേലം ചെയ്താലും വാഹനസൗകര്യമില്ലാത്ത പുരയിടങ്ങളായതു കൊണ്ട് അവിടെ നിന്നും ദൂരേക്ക് നീക്കം ചെയ്യുവാൻ സാധിക്കുകയില്ല. എസ്റ്റിമേറ്റിൽ മണ്ണിനു കൺവെയൻസ് നൽകിയിട്ടില്ലാത്തതിനാൽ കരാറുകാരൻ ലോറിയിലോ ബോട്ടിലോ ഇത് ദൂരസ്ഥലങ്ങളിലേക്ക് മാറ്റുവാൻ തയ്യാറല്ല. ആയതിനാൽ അതാത് പുരയിടങ്ങളിൽ തന്നെ കനാലിലേയ്ക്ക് ഒഴുകിയെത്താത്ത വിധം നിരത്തിയിടുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. കനാലിൽ നിന്നും നീക്കം ചെയ്യുന്ന മാലിന്യം നിറഞ്ഞ ചെളി കനാലിന്റെ പാർശ്വങ്ങളിൽ ലഭിച്ച സ്ഥലത്തും അടുത്ത പുരയിടങ്ങളിൽ സ്ഥലമുടമയുടെ അനുമതിയോടെയും ആണ് നിക്ഷേപിച്ചിരിക്കുന്നത്. ഇത് വ്യാപകമായി കനാലിലേയ്ക്ക് ഒലിച്ചിറങ്ങാതെ കൂടുതൽ അകലത്തേയ്ക്ക് സ്ഥല ലഭ്യത അനുസരിച്ച് നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/